**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയം ഭരണ വകുപ്പ് - കൊല്ലം ജില്ലയിലെ പൂയപ്പള്ളി സബ് ട്രഷറിയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ പൂയപ്പള്ളി വില്ലേജ് ബ്ലോക്ക് നമ്പർ 33, സർവ്വെ നം.187/6 ൽപ്പെട്ട 8 സെന്റ് സ്ഥലം ട്രഷറി വകുപ്പിന് വിട്ടു കൊടുക്കുന്നതിന് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയം ഭരണ (ആർ.സി) വകുപ്പ്**

സ.ഉ.(സാധാ) നം.1074/2019/ത.സ്വ.ഭ.വ തിരുവനന്തപുരം, തീയതി,28.5.2019.

പരാമർശം - 1) പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 10.10.2014-ലെ 1-ാം നമ്പർ , 06.03.2018-ലെ 20-ാം നമ്പർ തീരുമാനങ്ങൾ.

2) പഞ്ചായത്ത് ഡയറക്ടറുടെ 04.07.2018-ലെ സി2-42700/14 നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

കൊല്ലം ജില്ലയിലെ പൂയപ്പള്ളി സബ് ട്രഷറിയ്ക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് പൂയപ്പള്ളി ഗ്രാമപഞ്ചായത്തിലെ പൂയപ്പള്ളി വില്ലേജ്, ബ്ലോക്ക് നമ്പർ 33, സർവ്വെ നം.187/6 ൽപ്പെട്ട 8 സെന്റ് സ്ഥലം വിട്ടുകൊടുക്കുന്നതിന് പരാമർശം (1)പ്രകാരം പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനിച്ച് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി പരാമർശം (2) പ്രകാരം പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിലേക്ക് അപേക്ഷിച്ചിരുന്നു.

2) നിലവിൽ പൂയപ്പള്ളി സബ് ട്രഷറി ഓഫീസ് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് വക കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്.എല്ലാ ട്രഷറികൾക്കും സ്വന്തമായി കെട്ടിടം നിർമ്മിച്ച് പ്രവർത്തനം ആരംഭിക്കണമെന്ന സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായിട്ടാണ് സ്ഥലം വിട്ടുകൊടുക്കുന്നതിന് പൂയപ്പള്ളി ഗ്രാമപഞ്ചായത്ത് ഭരണ സമിതി തീരുമാനമെടുത്തിട്ടുള്ളത്. പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ കൈവശാനുഭവത്തിലും ഉടമസ്ഥതയിലും കരം ഒടുക്കി വരുന്നതുമാണെന്ന് വില്ലേജ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതും പൂയപ്പള്ളി വില്ലേജ് ബ്ലോക്ക് നമ്പർ 33, സർവ്വെ നം.187/6 ൽ പ്പെട്ടതുമായ 44.92 സെന്റിൽ നിന്നും 8 സെന്റ് (3.24 ആർ) സ്ഥലം പൂയപ്പള്ളി സബ് ട്രഷറിക്ക് കെട്ടിടം നിർമ്മിക്കുന്നതിനായി 2005 ലെ പഞ്ചായത്ത് രാജ്(വസ്തു ആർജ്ജിക്കലും കയ്യൊഴിയ്ക്കലും) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം ട്രഷറി വകുപ്പിന് വിട്ടുകൊടുക്കുന്നതിന് പൂയപ്പള്ളി ഗ്രാമ പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം )

**ശ്രീജ. വി**

ഡെപ്യൂട്ടി സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, പൂയപ്പള്ളി ഗ്രാമപഞ്ചായത്ത്

ഡയറക്ടർ, ട്രഷറി വകുപ്പ് , തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്,എൽ.ബി.എ & എ&ഇ ), തിരുവനന്തപുരം

ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ